**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ നഗരസഭ - ശബരിമല തീർത്ഥാടനം താൽക്കാലികാടിസ്ഥാനത്തിൽ 25 ശുചീകരണ തൊഴിലാളികളേയും ഒരു ഡ്രൈവറേയും എട്ട് സെക്യൂരിറ്റി ജീവനക്കാരേയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3208/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.10.2015

==========================================================================

പരാമർശം:-
1) ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 26.09.2015-ലെ 18-ാം നമ്പർ തീരുമാനം.
2) ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയുടെ 08.10.2015-ലെ എച്ച്1-8629/15 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 20.10.2015-ലെ ഇ2-22654/15 നമ്പർ കത്ത്.

**ഉത്തരവ്**

മേൽ പരാമർശിത കത്തുകളുടെ അടിസ്ഥാനത്തിൽ ശബരി തീർത്ഥാടനത്തോടനുബന്ധിച്ച് ചെങ്ങന്നൂർ നഗരസഭയുടെ പരിധിയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 25 (ഇരുപത്തിയഞ്ചു മാത്രം) ശുചീകരണ തൊഴിലാളികളേയും ഒരു ഡ്രൈവറേയും എട്ട് സെക്യൂരിറ്റി ജീവനക്കാരേയും, നവംബർ ആദ്യവാരം മുതൽ ഈ വർഷത്തെ മണ്ഡലകാലം അവസാനിക്കുന്ന കാലയളവ് വരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ പത്രപരസ്യം മുഖേന നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തൊഴിലാളികളുടെ സേവനം ഈ വർഷത്തെ മണ്ഡലകാല മകരവിളക്ക് സീസൺ അവസാനിക്കുന്ന മുറയ്ക്ക് അവസാനിപ്പിക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ ചെലവ് ശബരിമല ഫണ്ടിൽ നിന്നും വിനിയോഗിക്കാ

വുന്നതാണ്. താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മറ്റ് സർക്കാർ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.
സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**